**കേരള സർക്കാർ**

**സംഗ്രഹം**

സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ സർക്കാർ ബാദ്ധ്യതകൾ എഴുതിതള്ളുന്നത് സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (**പെൻഷൻ-ബി**) വകുപ്പ്

സ.ഉ. (പി) നം. **91**/17/ധന                    തിരുവനന്തപുരം, തീയതി : **17.07.2017.**

---

പരാമർശം : 1. സ.ഉ (പി) നം. 591/1997/ധന തീയതി 17.06.97.
2. സ.ഉ (പി) നം. 750/97/ധന തീയതി 02.09.1997.
3. സ.ഉ (പി) നം. 919/97/ധന തീയതി 27.10.97.
4. സ.ഉ (പി) നം. 1932/98/ധന തീയതി 17.08.98.
5. സ.ഉ (പി) നം. 596/2000/ധന തീയതി 14.03.2000.
6. സർക്കുലർ നം. 55/2009/ധന തീയതി 20.07.2009

**ഉത്തരവ്**

സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ, മോട്ടോർ വാഹന വായ്പ, ചികിത്സയ്ക്കായുള്ള പലിശ രഹിത വായ്പ, എന്നീ ഇനങ്ങളിലെ **2** ലക്ഷം രൂപവരെയുള്ള സർക്കാർ ബാദ്ധ്യത എഴുതി തള്ളുവാൻ പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവ് ആയിരുന്നു. **17.06.1997** നോ അതിനു ശേഷമോ സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ മേൽ വിവരിച്ച ബാദ്ധ്യതകളാണ് എഴുതി തള്ളുന്നതെന്ന് പരാമർശം **(2)** പ്രകാരവും **17.06.1997** തീയതിയിൽ തിരിച്ചടവ് ബാക്കി നിൽക്കുന്ന ബാദ്ധ്യതകളാണ് ഇതിനായി പരിഗണിക്കുകയെന്ന് പരാമർശം **(3)** പ്രകാരവും ഉത്തരവായിരുന്നു ഒന്നിലധികം ബാദ്ധ്യതകൾ നിലനിൽക്കുമ്പോൾ ഏറ്റവും പഴക്കമേറിയ ബാദ്ധ്യതകൾക്കു മുൻഗണന നല്കുമെന്നും , **2** ലക്ഷം രൂപയ്ക്കു ശേഷം നിലനിൽക്കുന്ന ബാദ്ധ്യതകൾ നിലവിലെ ചട്ടങ്ങൾ പ്രകാരം ഈടാക്കുമെന്നും, മേൽ വിവരിച്ച ഇനങ്ങളിലെ ബാദ്ധ്യതകളിൽ മറ്റു സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര സർക്കാരിന്റെയും ബാദ്ധ്യതകളും ഉൾപ്പെടുമെന്നും തിരിച്ചടവ് മുൻ

നിശ്ചയ പ്രകാരം തുടരുന്ന കേസുകളിലെ 17.06.1997 ലെ ബാദ്ധ്യതയാണ് കണക്കിലെടുക്കുന്നതെന്നും, തുക അനുവദിച്ച അതേ ആവശ്യത്തിനാണ് വിനിയോഗിച്ചതെന്ന നോട്ടറിയുടെ സാക്ഷ്യപത്രം നൽകേണ്ടതാണെന്നും പരാമർശം (4) പ്രകാരം ഉത്തരവ് ആയിരുന്നു. മേൽ വിവരിച്ച ഇനങ്ങൾക്കൊപ്പം ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ വായ്പയും ഉൾപ്പെടുന്നതാണെന്നും പരാമർശം (5 ) പ്രകാരം സ്പഷ്ടീകരണം പുറപ്പെടുവിച്ചിരുന്നു.

2. സൂചന ഒന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഇരുപത് വർഷം കഴിഞ്ഞിരിക്കുന്നതിനാലും ഇക്കാലയളവിൽ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ, മോട്ടോർ വാഹന വായ്പ എന്നിവയുടെ പരിധി വർദ്ധിപ്പിച്ചതിനാലും എഴുതിതള്ളുന്ന തുകയുടെ പരിധി ഉയർത്തണമെന്ന് വിവിധ കോണുകളിൽ നിന്നും ആവശ്യമുയർന്നിരിക്കുകയാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശിത ഉത്തരവുകൾക്കു താഴെ പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തി ഉത്തരവാകുന്നു. സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരന്റെ 5,00,000/- (അഞ്ച് ലക്ഷം) രൂപ വരെയുള്ള സംസ്ഥാന സർക്കാർ ബാധ്യത എഴുതിതള്ളുന്നതാണ് .

(i) ഭവന നിർമ്മാണ വായ്പ, വാഹന വായ്പ, ഭവന/വാഹന വായ്പകളുടെ പലിശ, പലിശ രഹിത ചികിത്സാ വായ്പ, ഓണം അഡ്വാൻസ്, ക്ലാസ് IV വിഭാഗത്തിൽ വരുന്ന ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ വായ്പ, എന്നിവ മുകളിൽ പറഞ്ഞ ബാധ്യതകളിൽ ഉൾപ്പെടുന്നതാണ്.

(ii) മേൽ വിവരിച്ച ഇനങ്ങളിലെ ബാദ്ധ്യതകളിൽ മറ്റു സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും അനുവദിച്ച ബാദ്ധ്യതകളും ഉൾപ്പെടുന്നതാണ്.

(iii) ഒന്നിലധികം ബാധ്യതകൾ നിലനിൽക്കുന്ന പക്ഷം ഏറ്റവും പഴക്കം ചെന്ന ബാധ്യതകൾ മുൻഗണന ക്രമത്തിൽ എഴുതിതള്ളുന്നതാണ്.

(iv) അഞ്ച് ലക്ഷത്തിൽ അധികം വരുന്ന ബാധ്യതകൾ മരണമടഞ്ഞവരുടെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നോ ടിയാളുടെ അനന്തരവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കുന്നതാണ്.

(v) വായ്പ എഴുതിതള്ളുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ വായ്പ തുക പൂർണ്ണമായും എടുത്ത ആവശ്യത്തിന് ഉപയോഗിച്ചെന്ന് നോട്ടറി പബ്ലിക്ക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷയൊടൊപ്പം സമർപ്പിക്കേണ്ടതാണ്.

(vi) ഭവന നിർമ്മാണ വായ്പ കേസുകളിലെ ബാധ്യത തുക എഴുതി തള്ളുന്നത് ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് കൂടി വാങ്ങി പരിശോധിച്ച ശേഷമായിരിക്കണം.

(vii) വായ്പ തുക പൂർണ്ണമായും അതാത് ആവശ്യത്തിന് ഉപയോഗിക്കാത്ത കേസുകളിൽ ബാധ്യത തുക എഴുതിതള്ളുന്നതല്ല. അത്തരം കേസുകളിൽ കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ചട്ടം 303 ന താഴെയുള്ള കുറിപ്പ് പ്രകാരം മുഴുവൻ തുകയ്ക്കും 18 ശതമാനം പിഴ പലിശ കൂടി ഈടാക്കുന്നതാണ്.

(viii) സംയുക്ത ഭവന നിർമ്മാണ വായ്പ കേസുകളിൽ ജീവനക്കാരുടെ ബാധ്യത 50:50 ആയതിനാൽ അത്തരം കേസുകളിൽ അന്തരിച്ച ജീവനക്കാരന്റെ ബാദ്ധ്യത മറ്റ് നിബന്ധനകൾക്ക് വിധേയമായി എഴുതി തള്ളുന്നതാണ്.

(ix) ഈ ഉത്തരവ് പ്രകാരം ബാധ്യത എഴുതിതള്ളുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഭരണവകുപ്പ് ബാധ്യത എഴുതിതള്ളുന്നതിനുള്ള ശിപാർശയിൽ പരാമർശം (6) പ്രകാരം ധനവകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്.

(x) ഈ ഉത്തരവ് തീയതി മുതൽ തീർപ്പാക്കുന്ന കേസുകൾക്കു ഉത്തരവ് ബാധകമാകുന്നതാണ്.

(xi) തീർപ്പാക്കിയ കേസുകൾ പുനഃപരിശോധിക്കേണ്ടതില്ല.

4. കേരള ഫിനാൻഷ്യൽ കോഡ് വാല്യങ്ങൾ 1 , 2 എന്നിവയിലും കേരള അക്കൗണ്ട് കോഡ് വാല്യം 1 ലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. കെ .എം എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, വകുപ്പ് തലവന്മാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.

ഗവർണറുടെ സെക്രട്ടറി.

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.

ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ / ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പി. എ.

സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ,തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.

രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.

രജിസ്ട്രാർ, കേരള വെററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശ്ശൂർ

രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി,എറണാകുളം

രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.

ജനറൽ മാനേജർ, ജല അതോറിറ്റി, തിരുവന്തപുരം.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.

രജിസ്ട്രാർ,സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ.

ജില്ലാ ട്രഷറികളും സബ് ട്രഷറികളും.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ,പബ്ലിക് റിലേഷൻസ് വകുപ്പ്.

നോഡൽ ഓഫീസർ, www.finance.kerala.gov.in.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**